(ബി) ഇതേ വിഭാഗത്തിൽ സംസ്ഥാനത്തെ മറ്റ് കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് കോടതി വിധികളുടെയും പ്രത്യേകാനുമതി നൽകിയതിന്റെയും അടിസ്ഥാനത്തിലും ശമ്പളം നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ കോളേജുകളിൽ എത്ര അദ്ധ്യാപകരാണ് ശമ്പളം വാങ്ങുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ 4357/ഡി2/2010/ഹയർ എഡ്യൂക്കേഷൻ നമ്പർ ഫയലിൽ തീരുമാനം എടുക്കുന്നതിൽ ഉള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) മേൽ കോളേജിലെ അദ്ധ്യാപകർക്ക് എന്ന് ശമ്പളം നൽകാനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച കോഴ്സുകളിലാണ് ടി അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. അവർക്ക് ശമ്പളം നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എസ്.എൽ.പി.യിലെ വിധി വരുന്ന മുറയ്ക്ക് മാത്രമേ ശമ്പളം നൽകുന്ന കാര്യം തീരുമാനിക്കാനാകുകയുള്ളു.

യു.ജി.സി. നിബന്ധന പാലിക്കാതെ ഫുൾടൈം ശമ്പളം കൈപ്പറ്റുന്ന അദ്ധ്യാപകർ

85 (3839) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഴ്ചയിൽ 16 മണിക്കൂർ ക്ലാസ്സെടുത്തിരിക്കണമെന്ന യു.ജി.സി. നിബന്ധന പാലിക്കാതെ ആഴ്ചയിൽ 6 മണിക്കൂറോ അതിനു താഴെയോ മാത്രം ക്ലാസ്സെടുത്തുകൊണ്ട് ഫുൾടൈം ശമ്പളം കൈപ്പറ്റുന്ന എത്ര അദ്ധ്യാപകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ബി) മിനിമം മണിക്കൂറുകളുടെ ജോലിയെങ്കിലും നൽകുന്നതിനായി അദ്ധ്യാപകർക്ക് തൊട്ടടുത്ത കോളേജുകളിൽ കൂടി ക്ലാസ്സെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇങ്ങനെ നിർദ്ദേശം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പുതുതായി കൊണ്ടുവന്ന സി.ബി.സി.എസ്.എസ്.-ന്റെ ഭാഗമായിട്ടെങ്കിലും ഇവരുടെ സേവനം പ്രയോജന പ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ബി) ഇല്ല. വിശദാംശങ്ങൾ പരിശോധിച്ചതിന് ശേഷം മാത്രമേ ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളു.

(സി) നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് പരിശോധിക്കാവുന്നതാണ്.

തുരുത്തിക്കാട് ബി.എ.എം. കോളേജിലെ സ്ഥിര ഒഴിവുകൾ

86 (3840) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട തുരുത്തിക്കാട് ബി.എ.എം. കോളേജിൽ നിബന്ധനപ്രകാരമുള്ള 7 സ്ഥിര ഒഴിവുകൾ നികത്തണമെന്ന മാനേജരുടെ അപേക്ഷ എത്ര പ്രാവശ്യം ലഭിച്ചിട്ടുണ്ട് ; ഇക്കാര്യത്തിൽ എന്ത് തീർപ്പാണ് എടുത്തത് ;

(ബി) എം. ജി. യൂണിവേഴ്സിറ്റി യു. ഒ. നമ്പർ 2836/ബി1/2/2010 നമ്പരായി ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്ത് നൽകിയിട്ടുണ്ടോ ;

(സി) 24-11-2008-ലെ 22017/ഡി1/08/ഹയർ. എഡ്യു. നമ്പരായി പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകിയിട്ടും ഇതുവരെ ഇതിന് അംഗീകാരം നൽകാത്തത് എന്തുകൊണ്ട് ;

(ഡി) പ്രസ്തുത കോളേജിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ-ഡി) തുരുത്തിക്കാട് ബി.എ.എം. കോളേജിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് മാനേജരുടെ അപേക്ഷയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയും ലഭിച്ചതനുസരിച്ച് ഹിന്ദി, സുവോളജി എന്നീ വിഷയങ്ങളിൽ ഓരോന്നും കോമേഴ്സിൽ മൂന്നും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പനമ്പിള്ളി കോളേജ് ലൈബ്രറി ബ്ലോക്ക് നിർമ്മാണം

87 (3841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly